(സി) ഈ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ പുരോഗമിച്ചുവരുന്നു.

കൊല്ലങ്കോട് ബൈപ്പാസിന്റെ നിർമ്മാണം

157 (2257) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലങ്കോട് ബൈപ്പാസിന്റെ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) ഈ പ്രവൃത്തികൾ ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തിയ പ്രവൃത്തി തുടങ്ങുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ ; വിശദമാക്കുമോ ;

(ഡി) തടസ്സങ്ങൾ ഉണ്ടെങ്കിൽ അത് നീക്കി ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത പ്രവൃത്തിക്ക് ജി.ഒ. (ആർ.റ്റി) നമ്പർ 1045/09/പൊ.മ.വ തീയതി 14-7-2009 പ്രകാരം 1300 ലക്ഷം രൂപയുടെ ഭരണാനുമതിയും 4.500 കി.മീ നീളത്തിൽ റോഡ് നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റിന് അംഗീകാരവും നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയെ അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി ജി.ഒ. (ആർ.റ്റി) നമ്പർ. 939/2010/പൊ.മ.വ. തീയതി 10-6-2010 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടി ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് ജി.ഒ. (ആർ.റ്റി) നമ്പർ 1458/2010/പൊ.മ.വ. തീയതി 15-9-2010 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി&ഡി) പ്രസ്തുത പ്രവൃത്തിക്കുള്ള സ്ഥലമെടുപ്പ് നടപടികൾ റവന്യൂ വകുപ്പിൽ നടന്നുവരുന്നു ഈ നടപടികൾ റവന്യൂ വകുപ്പ് പൂർത്തിയാക്കി സ്ഥലം ലഭ്യമാക്കിയതിനുശേഷം ദർഘാസ് നടപടിക്രമങ്ങൾ നടത്തി പണി ആരംഭിക്കാൻ കഴിയുന്നതാണ്.

ചാലക്കുടി മത്സ്യമാർക്കറ്റിലേക്കുള്ള റോഡു നവീകരണം

158 (2258) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മത്സ്യ മാർക്കറ്റിലേക്കുള്ള റോഡ് നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly